# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1150 04/12/2014-ലെ മറുപടിക്ക്

## സംസ്ഥാനത്തെ ഹയർ സെക്കന്ററി ബാച്ചുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ടി.വി.രാജേഷ്** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എയ്ഡഡ് മേഖലയിൽ എത്ര ബാച്ചുകൾ നിലവിലുണ്ട്; പ്രസ്തുത ബാച്ചുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ 2823 ബാച്ചുകളും, എയ്ഡഡ് മേഖലയിൽ 3277 ബാച്ചുകളും ഉണ്ട്. രണ്ടു വിഭാഗത്തിലുമായി 3,36,629 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) ഹയർ സെക്കന്ററി പ്രവേശനത്തിന് ഓരോ ജില്ലയിലും എത്ര കുട്ടികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (ബി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു. |
| (സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് +2 ബാച്ചുകൾ തുടങ്ങുന്നതിനായി ഹയർ സെക്കന്ററി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്; സ്കൂളുകളുടെ വിശദാംശം നൽകുമോ; അവയിൽ എതൊക്കെ സ്കൂളുകൾക്ക് കോടതി മുഖേന ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) 19/05/2014 ന് എസിഡി സി3/16830/13/എച്ച്.എസ്.ഇ നമ്പർ കത്ത് പ്രകാരം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള സ്കൂളുകളുടെ വിവരം അനുബന്ധം (III) ആയി ചേർക്കുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച ബാച്ചുകൾ അനുബന്ധം (IV) ആയി ചേർക്കുന്നു. |
| (ഡി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗവ.ഹയർ സെക്കന്ററി സ്കൂളിലും ചെറുകുന്ന് ഗവ.ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലും +2 ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ